"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - മലപ്പുറം ജില്ലയിൽ ചാലിയാർ നദിക്ക് കുറുകെ Multi-Hazard Mitigation Structure സ്ഥാപിക്കുന്നതിനായുള്ള വിശദമായ പ്രായോഗികതാപഠനം നടത്തുന്നതിന് അനുമതിയും തുകയും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.286/2026/DMD തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:-

1. ദുരന്ത നിവാരണ കമ്മീഷണറുടെ 03.11.2024 തീയതിയിലെ MTO I/1059/2024/Admin
2. മലപ്പുറം ജില്ലാ കളക്ടറുടെ 07/06/2026-ലെ DCMPM/5195/ 2024-DM1 നമ്പർ കത്ത്.
3. സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 01.06.2026 -ലെ യോഗ നടപടികുറിപ്പ്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ചാലിയാർ നദീതട മേൽത്തട്ട് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന സ്ഥലങ്ങളിൽ 2019 ൽ ഉണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും നിരവധി ആളുകൾ മരണപ്പെടുകയും നിരവധി നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് വരൾച്ചയും പ്രളയവുമുൾപ്പടെയുള്ള ദുരന്ത വേളയിൽ പ്രയോജനപ്പെടുന്ന വിധത്തിൽ ഒരു Multi-Hazard Mitigation അണക്കെട്ടിന്റെ സാധ്യതാ പഠനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖേന നടത്തുന്നതിനുള്ള പ്രൊപോസൽ മലപ്പുറം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കുകയും Detailed Natural Disaster Impact Assessment Check List ലഭ്യമാക്കുകയും ചെയ്തു. പ്രൊപ്പോസൽ പ്രകാരം consultancy ചാർജ് 3.5 കോടി രൂപ കണക്കാക്കിയിട്ടുണ്ട്. ഈ വിഷയം 30/03/2026-ൽ കൂടിയ അപ്രൈസൽ കമ്മിറ്റി പരിശോധിക്കുകയും സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി-യുടെ പരിഗണയ്ക്കായി സമർപ്പിക്കാൻ ശുപാർശ ചെയ്യുകയും ചെയ്തു .

2.മലപ്പുറം ജില്ലയിലെ ചാലിയാർ നദിക്ക് കുറുകെ Multi-Hazard Mitigation Structure സ്ഥാപിക്കുന്നതിനായുള്ള വിശദമായ പ്രായോഗികതാ പഠനം നടത്തുന്നതിന്, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയിൽ (SDMF) നിന്ന് ₹3.50 കോടി (കൺസൾട്ടൻസി ചെലവ്) അനുവദിച്ച് പദ്ധതിക്ക് അംഗീകാരം നൽകാൻ പരാമർശം (3) പ്രകാരം സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ ചാലിയാർ നദിക്ക് കുറുകെ Multi-Hazard Mitigation Structure സ്ഥാപിക്കുന്നതിനായുള്ള വിശദമായ പ്രായോഗികതാ പഠനം നടത്തുന്നതിന് അനുമതി നൽകിയും ആയതിലേക്കായി "2245-07-101-99 SDMF structural mitigation measures" എന്ന ശീർഷകത്തിൽ നിന്നും ₹3,50,00,000 രൂപ (മൂന്ന് കോടി അമ്പത്

ലക്ഷം രൂപ മാത്രം) മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിച്ചും ഉത്തരവാകുന്നു.

4.മേൽ തുക മലപ്പുറം ജില്ലാ കളക്ടർക്കു അനുവദിച്ചു നൽകുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജീവൻ ബാബു കെ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ ,തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം,തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം

പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (DMA3/147/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by

Manu S

Date: 07-07-2026 12:42:34

സെക്ഷൻ ഓഫീസർ